പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 525

26.03.2018-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളികൾക്കുള്ള സമ്പാദ്യ സമാശ്വാസ പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.വി. കെ. സി. മമ്മത് കോയ<br>,, സി.കൃഷ്ണൻ<br>,, ബി.സത്യൻ<br>,, എം. നൗഷാദ് | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികളുടെ സമ്പാദ്യ ശീലം വർദ്ധിപ്പിക്കുന്നതിനും പഞ്ഞമാസ കാലയളവിൽ തൊഴിൽ നഷ്ടം മൂലമുണ്ടാകുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുമായി കേന്ദ്ര സഹായത്തോടെ സമ്പാദ്യ സമാശ്വാസ പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ; | (എ) | മത്സ്യത്തൊഴിലാളികളിൽ സമ്പാദ്യ ശീലം വർദ്ധിപ്പിക്കുന്നതിനും പഞ്ഞമാസ കാലയളവിൽ തൊഴിൽ നഷ്ടം മൂലമുണ്ടാകുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുമായി കേന്ദ്രാവിഷ്കൃത പദ്ധതിയായ സമ്പാദ്യ സമാശ്വാസ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. എന്നാൽ 2014-15 വർഷം മുതൽ പദ്ധതിയ്ക്ക് കേന്ദ്ര ധനസഹായം ലഭ്യമായിട്ടില്ല. പദ്ധതിക്കാവശ്യമായ സർക്കാർ വിഹിതം മുഴുവൻ ഇപ്പോൾ സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. |
| (ബി) | ഈ പദ്ധതിയ്ക്കായി മത്സ്യത്തൊഴിലാളികളിൽ നിന്നും എത്ര രൂപ വീതമാണ് ശേഖരിക്കുന്നത്; | (ബി) | സമ്പാദ്യ സമാശ്വാസ പദ്ധതിക്കായി ഒരു മത്സ്യത്തൊഴിലാളിയിൽ നിന്നും നിലവിൽ 250/- രൂപ വീതം 6 ഗഡുക്കളിലായി 1500/- രൂപ ശേഖരിക്കുന്നുണ്ട്. തീരദേശ മത്സ്യത്തൊഴിലാളി വിഹിതം ഒക്ടോബർ മാസം മുതൽ മാർച്ച് വരെയുള്ള 6 മാസങ്ങളിലാണ് സ്വീകരിക്കുന്നത്. |
| (സി) | മത്സ്യത്തൊഴിലാളികൾക്കുള്ള സമ്പാദ്യ സമാശ്വാസ പദ്ധതിയുടെ കേന്ദ്ര-സംസ്ഥാന വിഹിതം എത്രയാണെന്ന് വ്യക്തമാക്കാമോ; | (സി) | സമ്പാദ്യ സമാശ്വാസ പദ്ധതി 50% കേന്ദ്ര ഗവണ്മെന്റ് ഗ്രാന്റായി വിഭാവനം ചെയ്ത പദ്ധതിയാണ്. നിലവിൽ ഒരു മത്സ്യത്തൊഴിലാളിയിൽ നിന്നും 6 ഗഡുക്കളായി (6 മാസം കൊണ്ട്) 1500/- രൂപ പിടിച്ചെടുക്കുകയും തുല്യ അനുപാതത്തിലുള്ള കേന്ദ്ര സംസ്ഥാന സർക്കാർ വിഹിതം ഉൾപ്പെടെ പഞ്ഞ മാസങ്ങളായ മെയ്, ജൂൺ, ജൂലായ് മാസങ്ങളിൽ കടൽ മത്സ്യത്തൊഴിലാളികൾക്കും ജൂലായ്, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കും 3 തുല്യ ഗഡുക്കളായി (1500/- രൂപ വീതം) നേരിട്ട് |

| | | | |
|---|---|---|---|
| | | | ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് ഡി.ബി.റ്റി ആയി നൽകുകയുമാണ് ചെയ്യുന്നത്. സംസ്ഥാന സർക്കാർ 1500/- രൂപയും കേന്ദ്ര സർക്കാർ 1500 രൂപയും എന്ന നിലയിൽ തുല്യ അനുപാതത്തിലാണ് സമ്പാദ്യ സമാശ്വാസ പദ്ധതി നടപ്പിലാക്കി വന്നിരുന്നത്. എന്നാൽ 2014-15 വർഷം മുതൽ പദ്ധതിയ്ക്കായി കേന്ദ്ര സർക്കാരിൽ നിന്ന് ഫണ്ട് ലഭ്യമായിട്ടില്ല. പദ്ധതിയ്ക്കാവശ്യമായ മുഴുവൻ തുകയും സംസ്ഥാന സർക്കാരാണ് നിലവിൽ വഹിക്കുന്നത്. 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ ഈ പദ്ധതിയ്ക്ക് കേന്ദ്ര വിഹിതമായി ലഭിക്കേണ്ടിയിരുന്നത് 44.5 കോടി രൂപയാണ്. കേന്ദ്ര വിഹിതം നിഷേധിച്ചതിനെ തുടർന്ന് സംസ്ഥാന സർക്കാരിന് ടി തുക അധികമായി വഹിക്കേണ്ടി വന്നു. |
| (ഡി) | പദ്ധതിയുടെ ആനുകൂല്യങ്ങൾ കൂടുതൽ മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ഡി) | സമ്പാദ്യ സമാശ്വാസ പദ്ധതിയനുസരിച്ച് മത്സ്യബന്ധനം ഉപജീവന മാർഗ്ഗമായി സ്വീകരിച്ചിട്ടുള്ള സജീവ മത്സ്യത്തൊഴിലാളികളാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ളവരും 18 നും 60 നും മധ്യേ പ്രായമുള്ളവരും ദാരിദ്ര്യ രേഖയ്ക്ക് താഴെ ഉൾപ്പെട്ടവരുമായ എല്ലാ മത്സ്യത്തൊഴിലാളികളും ആനുകൂല്യത്തിന് അർഹരാണ്. കടലോര മേഖലയിൽ മത്സ്യ വിപണനത്തിനും അനുബന്ധത്തൊഴിലിലും ഏർപ്പെട്ടിരിക്കുന്ന എല്ലാ മത്സ്യത്തൊഴിലാളി വനിതകളും ആനുകൂല്യത്തിന് അർഹരാണ്. |

സെക്ഷൻ ഓഫീസർ